പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 959 **14-10-2026-ൽ മറുപടിയ്ക്ക്**

എറണാകുളത്തെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) എറണാകുളം മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ എവിടെയൊക്കെയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അതിന് കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ വിശദാംശം നൽകുമോ;

മറുപടി: എറണാകുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന കൊച്ചി കോർപ്പറേഷൻ ഡിവിഷൻ നമ്പർ. (പഴയത്) 39,40,41,42,43,45,46,47,50 എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. ദേശാഭിമാനി റോഡിന്റെ വാലറ്റപ്രദേശങ്ങൾ, ചേരാനല്ലൂർ പഞ്ചായത്തിലെ ചിറ്റൂർ 7,8,9 വാർഡുകൾ എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ആവശ്യം അനുസരിച്ചുള്ള ജലലഭ്യത ഇല്ലാത്തതാണ് ഇതിന്റെ പ്രധാന കാരണം. 268 MLD ജലം വിതരണം ചെയ്യാൻ വേണ്ടിടത്ത് 212 MLD ജലം മാത്രമാണ് വിതരണത്തിനു ലഭിക്കുന്നത്. കൂടാതെ തമ്മനം പമ്പ് ഹൗസിലെ ഒരു കമ്പാർട്ട്മെന്റ് തകർന്നതിനെതുടർന്ന് ഒന്നിടവിട്ട ദിവസങ്ങളിൽ നടന്നിരുന്ന ബൂസ്റ്റിംഗ് ഒരുമിച്ച് നൽകാൻ സാധിക്കാത്തതും കുടിവെള്ളക്ഷാമത്തിനു കാരണമാകുന്നു. പ്രസ്തുത പമ്പ് ഹൗസിൽ നിന്ന് ബൂസ്റ്റിംഗ് പമ്പിംഗ് ചെയ്യുന്ന സമയങ്ങളിലാണ് വാലറ്റപ്രദേശങ്ങളിൽ ജലം ലഭ്യമാകുന്നത്. വാലറ്റ പ്രദേശങ്ങളിലെ ജല ലഭ്യതയിൽ വ്യതിയാനം സംഭവിക്കുമ്പോൾ പൈപ്പ് ലൈനിൽ air block രൂപീകരിയ്ക്കുകയും, പിന്നീട് പൂർവ്വസ്ഥിതിയിലാകാൻ സമയം എടുക്കുകയും ചെയ്യുന്നു. കൂടാതെ വൈദ്യുതി മുടങ്ങുക, പൈപ്പ് പൊട്ടുക, എന്നിവ സംഭവിയ്ക്കുമ്പോഴും ജലവിതരണത്തിന് തടസ്സം ഉണ്ടാകാറുണ്ട്. കാലാവസ്ഥാവ്യതിയാനം മൂലം ജല ഉപഭോഗം വർദ്ധിക്കുന്നതും ജലക്ഷാമം നേരിടുന്നതിന് ഒരു കാരണമാണ്. ഇതിനു പുറമേ പുതിയ വാട്ടർ കണക്ഷനുകൾ അപേക്ഷകൾ ലഭിയ്ക്കുന്ന മുറയ്ക്ക് നല്കുന്നതിനാലും അധിക ജലത്തിനുവേണ്ടിയുള്ള ആവശ്യം വർധിച്ചു വരുന്നു.

(ബി) ഇത് പരിഹരിക്കുന്നതിന് അടിയന്തരമായി ചെയ്യേണ്ട നടപടികളും, ദീർഘകാല അടിസ്ഥാനത്തിൽ ചെയ്യേണ്ട നടപടികളും എന്തൊക്കെയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

മറുപടി: വിവിധ പ്രദേശങ്ങളിൽ air valve സ്ഥാപിച്ചത് കൊണ്ട് air block മൂലമുള്ള പ്രശ്നം കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനായി പൈപ്പ് മാറുന്ന പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആലുവയിൽ 190 MLD ജലശുദ്ധീകരണശാലയുടെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാ മത്തിന് ശാശ്വതമായ

പരിഹാരം ഉണ്ടാകുന്നതാണ്. ചിറ്റൂർ പ്രദേശത്തേക്കു വേണ്ടി പുതിയ ജലസംഭരണി വിഭാവനം ചെയ്യുന്നുണ്ട്. ചിറ്റൂർ 7,8,9 വാർഡുകളിലേക്കുവേണ്ടി പുതിയ ലൈൻ സ്ഥാപിക്കാനുള്ള പ്രവൃത്തി പ്രൊപോസൽ തയ്യാറാക്കിയിട്ടുണ്ട്.

(സി) എറണാകുളം നഗരത്തിലേക്ക് പുതിയ ജലസ്രോതസ്സ് എന്ന നിലയിൽ ആലുവയിൽ പുതുതായി ആരംഭിക്കുന്ന 190 എം.എൽ.ഡി പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് അറിയിക്കുമോ;

<u>മറുപടി:</u> 190 എം.എൽ.ഡി ശേഷിയുള്ള ആലുവ ജലശുദ്ധീകരണശാലയുടെ (Water Treatment Plant) നിർമ്മാണത്തിനായി ₹523.00 കോടി രൂപയുടെ ഭരണാനുമതി 08.07.2026-ലെ G.O.(Rt) No.546/2026/WRD പ്രകാരം നൽകിയിട്ടുണ്ട്. പദ്ധതി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) തമ്മനം മേഖലയിൽ തകർന്ന ജലസംഭരണി ടാങ്ക് പുനർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തികൾ എതുവരെയായി എന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ?

<u>മറുപടി:</u> ADB വായ്പാ സഹായത്തോടെ നടപ്പിലാക്കുന്ന ആലുവയിലെ ജലശുദ്ധീകരണശാലകളുടെ പുനരുദ്ധാരണ പദ്ധതിയിൽ തമ്മനം മേഖലയിൽ തകർന്ന ജലസംഭരണിയുടെ പുനർനിർമാണ പ്രവർത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയുടെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളും കരട് ബിഡ് രേഖകളുടെ സൂക്ഷ്മപരിശോധനാ നടപടികളും നിലവിൽ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ